## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2178** **05.05.2017-ൽ മറുപടിക്ക്**

### ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ടോ; അവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000/- രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രിയിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷുറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തിയിട്ടുണ്ട്.ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തി നിയമനടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന തൊഴിൽ ഇടങ്ങളിലേയും വാസസ്ഥലങ്ങളിലേയും അവരുടെ ശുചിത്വവും ആരോഗ്യവും ഉറപ്പുവരുത്തുന്നതിനായി ജില്ലാ ലേബർ ആഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറും ജില്ലാ മെഡിക്കൽ ആഫീസർ, ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശ സ്വയംഭരണം) എന്നിവരെ അംഗങ്ങളായും ഉള്ള ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള |

നടപ്പിലാക്കി വരുന്ന ഭവനപദ്ധതിയാണ് അപ്നാഘർ പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 25000 രൂപ വരെയുള്ള ചികിത്സാ സഹായം, 25000 രൂപ വരെയുള്ള ആശ്വാസ ധനസഹായം, 25000 രൂപ വരെയുള്ള ടെർമിനൽ ബെനഫിറ്റ്, 10000 രൂപ സ്വാഭാവിക മരണാനന്തര ആനുകൂല്യം, അപകട മരണം സംഭവിക്കുന്നവർക്ക് 50000 രൂപ മരണാനന്തര ആനുകൂല്യം, ഭൗതികശരീരം സ്വന്തം നാട്ടിലെത്തിക്കാൻ 15000 രൂപ വരെയുള്ള സഹായം എന്നീ ആനുകൂല്യങ്ങളും ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.